# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**തിരുവാഭരണം കമ്മീഷണറുടെ കാര്യാലയം**

**ആറന്മുള, പത്തനംതിട്ട-689533**

PHONE:-**04682211207**, E-mail ID: commtmtdb@gmail.com

ROC.No 93 /2026/TM തീയതി:-17.10..2026

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി തിരുവാഭരണം കമ്മീഷണർ ആഫീസിൽ നിന്നും പരസ്യം ചെയ്യുന്നത്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് ആഫീസിലെ 13/10/2026 ലെ ROC No 4833/20/CAനമ്പർ ഉത്തരവ് അനുസരിച്ചു തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വൈക്കം,ആറ്റിങ്ങൽ ക്ഷേത്രകലാപീഠങ്ങളിലെ മെസ്സുകളുടെപ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പാത്രങ്ങളും മറ്റുഅനുബന്ധ വകകളും സപ്ലൈ ചെയ്യുന്ന തിനുള്ളമത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ 26/10/2026 പ കൽ 12.00 മണിയ്ക്ക് മുൻപായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ഓഫീസിലുള്ള സാംസ്കാരിക വകുപ്പ് വിഭാഗം മേധാവിയുടെ കാര്യാലയത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. ലഭിച്ച ക്വട്ടേഷനുകൾ പരിശോധിച്ച് സപ്ലൈ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതാണ് .തപാൽ മുഖാന്തരം അയയ്ക്കുന്നവർ ഡയറക്ടർ, സാംസ്കാരിക പുരാവസ്തു വിഭാഗം, നന്തൻകോട്, തിരുവനന്തപുരം-695003 എന്ന വിലാസത്തിൽ അയയ്ക്കാവുന്നതായാണ്.നിശ്ചിത സമയത്തിന് ശേഷംലഭിക്കുന്നവ പരിഗണിക്കുന്നതല്ല

.

**1.വൈക്കം ഗ്രൂപ്പിൽപ്പെട്ട വൈക്കം ക്ഷേത്രകലാപീഠത്തിൽ സപ്ലൈ ചെയ്യേണ്ട പാത്രങ്ങളുടെയും മറ്റ് അനുബന്ധ വകകളുടെയും വിവരം**

| ക്രമനമ്പർ | ഇനം | ഏകദേശ സാങ്കേതിക വിവരണം | എണ്ണം |
|---|---|---|---|
| 01 | ഗ്രൈൻഡർ | Commercial wet Grinder Heavy duty Motor 5-7 Ltr drum | 1 |

| | | | |
|---|---|---|---|
| 02 | അലൂമിനിയം ബക്കറ്റ് | കട്ടിയുള്ള ഫുഡ് ഗ്രേഡ് അലുമിനിയം - 15-20 Ltr ശേഷി | 5 |
| 03 | ഇഡ്ഡലി പാത്രം (വലുത് ) | ഫുഡ് ഗ്രേഡ് അലുമിനിയം 120-150 ഇഡ്ഡലി ശേഷി | 1 |
| 04 | തവകൾ (വിവിധ വലിപ്പത്തിലുള്ളത് ) | കട്ടിയുള്ള ഫുഡ് ഗ്രേഡ് അലുമിനിയം ഹൈ ഗ്രേഡ് ss(കഞ്ഞിത്തവി, കറിത്തവി) | 10 |
| 05 | ബെയ്സൺ | High Grade ss 15-20 Ltr ശേഷി | 05 |
| 06 | അടപ്പ് | അനുയോജ്യമായ അളവിൽ ഫുഡ് ഗ്രേഡ് അലുമിനിയം /ss | 05 |
| 07 | സ്റ്റീൽ ഗ്ലാസ് | ഫുഡ് ഗ്രേഡ് ss 200-250 ml ശേഷി | 50 |
| 08 | വലിയ ദോശക്കല്ല് | 4-5 വലിപ്പത്തിൽ ഉള്ള 15 ദോശകൾ നിർമിക്കാൻ (3 നിരകൾ ,5 വരികൾ )24" വീതി 36" നീളവും ഉള്ള ദോശക്കല്ല് വേണം | 01 |

## 2. വർക്കല ഗ്രൂപ്പിൽപ്പെട്ട ആറ്റിങ്ങൽ ക്ഷേത്രകലാപീഠത്തിൽ  സപ്ലൈ ചെയ്യേണ്ട ആവശ്യമായപാത്രങ്ങളുടെവിവരം

| ക്രമനമ്പർ | ഇനം | ഏകദേശതൂക്കം -(Kg) | എണ്ണം |
|---|---|---|---|
| 01 | ഗ്രൈൻഡർ | Commercial Wet Grinder Heavy duty Motor 5-7 Ltr drum | 01 |
| 02 | അലുമിനിയമം ബക്കറ്റ് | കട്ടിയുള്ള ഫുഡ് ഗ്രേഡ് അലുമിനിയം 15-20 Ltr ശേഷി | 02 |
| 03 | ഇഡ്ഡലി പാത്രം ( ചെറുത്) | ഫുഡ് ഗ്രേഡ് അലുമിനിയം 50-60 ഇഡ്ഡലി ശേഷി | 01 |
| 04 | തവകൾ (വിവിധ വലിപ്പത്തിലുള്ളത്) | കട്ടിയുള്ള ഫുഡ് ഗ്രേഡ് അലുമിനിയം ,High grade ss (കഞ്ഞിത്തവി, കറിത്തവി) | 05 |
| 05 | ബെയ്സൺ | High grade ss 15-20 Ltr ശേഷി | 02 |
| 06 | അടപ്പ് | അനുയോജ്യമായ അളവിൽ ഫുഡ് ഗ്രേഡ് അലുമിനിയം /ss | 02 |
| 07 | സ്റ്റീൽ   ഗ്ലാസ് | ss ഫുഡ് ഗ്രേഡ് 200-250 ml ശേഷി | 25 |
| 08 | വലിയ ദോശക്കല്ല് | 4-5  വലിപ്പത്തിൽ ഉള്ള 15 ദോശകൾ നിർമിക്കാൻ (3 നിരകൾ ,5 വരികൾ )24" വീതി 36" നീളവുമുള്ള ദോശക്കല്ല് വേണം | 01 |

പ്രത്യേക നിബന്ധനകൾ

1. ജി.എസ്.ടി രജിസ്ട്രേഷനുള്ള അംഗീകൃത സപ്ലയർമാരുടെ ഓഫറുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.
2. ഓരോ ഇനത്തിനും നേരെ സപ്ലൈ ചെയ്യാവുന്ന കുറഞ്ഞ നിരക്ക് രേഖപ്പെടുത്തേണ്ടതാണ്.
3. ഒരിനത്തിനു മാത്രമായോ, ഒന്നിലധികം ഇനങ്ങൾക്കായോ, മുഴുവൻ ഇനങ്ങൾക്കും കൂടിയോ ക്വട്ടേഷൻ സമർപ്പിക്കാവുന്നതാണ്.ഒരു വെള്ള പേപ്പറിൽ സപ്ലൈ ചെയ്യുവാൻ ഉദ്ദേശിക്കുന്ന ഇനങ്ങൾക്ക് പ്രതീക്ഷിക്കുന്ന കിലോഗ്രാം ഒന്നിനുള്ള നിരക്കും, ആകെ നിരക്കും അക്കത്തിലും, അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. അവ്യക്തതയുള്ള പക്ഷം ആ ഇനത്തിന്റെ ഓഫർ നിരാകരിക്കുന്നതാണ്.
4. ക്വട്ടേഷൻ സമർപ്പിക്കുന്ന ആളിന്റെ പേരും വിലാസവും മൊബൈൽ നമ്പറും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
5. ക്വട്ടേഷനിൽ രേഖപ്പെടുത്തുന്ന നിരക്കുകൾ എല്ലാത്തരം നികുതികളും ജി.എസ്.ടിയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ഉൾപ്പെടെയുള്ള തുകയായിരിക്കണം.
6. കൊട്ടേഷനോടൊപ്പം ആവശ്യപ്പെടുന്ന മുറയ്ക്ക് പാത്രം മുതലായ വകകൾ സപ്ലൈ ചെയ്യുന്ന സ്ഥാപനമാണെന്നുള്ള രേഖകളും ജി.എസ്.ടി രജിസ്ട്രേഷൻ രേഖകളും ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.
7. കൊട്ടേഷനുകൾ പരിശോധിച്ച ശേഷം അനുയോജ്യമായി കാണപ്പെടുന്ന ഓഫറുകൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ തീരുമാനത്തിന് വിധേയമായി അംഗീകരിക്കുന്നതാണ്.
8. സപ്ലൈ കുത്തകകൾ ലഭിക്കുന്നവർ അറിയിപ്പ് ലഭിച്ച് 05 (അഞ്ച്) ദിവസത്തിനകം തിരുവാഭരണം കമ്മീഷണറുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.
9. ഉടമ്പടിയിൽ ഏർപ്പെട്ടാൽ ബോർഡ് നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ സപ്ലൈയ്ക്കുള്ള നടപടികൾ ആരംഭിക്കേണ്ടതാണ്.
10. കുത്തക ലഭിക്കുന്നവർ അതത് ദേവസ്വങ്ങളിൽ ബന്ധപ്പെട്ട വകകൾ സപ്ലൈ ചെയ്യേണ്ടതും കൈപ്പറ്റ് രസീത് ലഭ്യമാക്കേണ്ടതുമാണ്.
11. സപ്ലൈ ചെയ്യപ്പെടുന്ന സാധനങ്ങൾ ദേവസ്വങ്ങളിലെ ദീർഘകാല ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുന്ന വിധമുള്ള നിലവാരത്തിലുള്ളവയായിരിക്കണം.
12. കൈപ്പറ്റ് രസീതുകളുടെ അടിസ്ഥാനത്തിൽ രേഖകൾ പരിശോധിച്ച് പേയ്മെന്റ് നടത്തുന്നതിനുള്ള നടപടികൾ തിരുവാഭരണം കമ്മീഷണർ ആഫീസിൽ സ്വീകരിക്കുന്നതായിരിക്കും.
13. നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ സാധനങ്ങൾ സപ്ലൈ ചെയ്യാത്തവരുടെ കുത്തക യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതായിരിക്കും

14. ക്വട്ടേഷൻ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനും തിരുവിതാംകൂർ ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

15. കുത്തകക്കാർക്ക് ലഭിച്ച കുത്തക അവകാശം കൈമാറുന്നതിനോ കീഴ് കുത്തക നൽകുന്നതിനോ അനുവാദം ഉണ്ടായിരിക്കുന്നതല്ല.,

16. കുത്തകക്കാരന് സപ്ലൈ ചെയ്യുന്നതിനുള്ളപ്രാപ്തിയില്ലെന്നു കാണുന്ന പക്ഷം പ്രസ്തുത - ഓഫർ നിരസിക്കുന്നതിന് ബോർഡിന് അധികാരം ഉണ്ടായിരിക്കും.

ക്വട്ടേഷൻ സംബന്ധിച്ച അന്വേഷണങ്ങൾക്ക് തിരുവാഭരണം കമ്മീഷണർ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാനതിയതി 27/10/2026 പകൽ 12 മണി**

**ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതിയതി 27/10/2026 ഉച്ചയ്ക്ക് ശേഷം 2 മണി**

PHONE:**9495999906,9495999912, 04712319845,** E-mail ID: commtmtdb@gmail.com

(ഒപ്പ്)

17/10/2026 തിരുവാഭരണം കമ്മീഷണർ

ആറന്മുള തിരുവിതാംകൂർ ദേവസ്വം ബോർഡ്